**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4628** **29-10-2021 - ൽ മറുപടിയ്ക്ക്**

**യീൽഡ് ടെസ്റ്റിംഗ് സംവിധാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ശാന്തകുമാരി കെ. | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | പാലക്കാട് ബ്ലോക്ക് പഞ്ചായത്തിൽ പട്ടികജാതി വിഭാഗത്തിൽ ഉൾപ്പെടുന്ന ജനങ്ങൾ അധിവസിക്കുന്ന കുടിവെള്ള ദൗർലഭ്യം നേരിടുന്ന പ്രദേശങ്ങളിൽ ഭൂഗർഭ ജലവിഭവ വകുപ്പിന്റെ യീൽഡ് ടെസ്റ്റ് സർട്ടിഫിക്കറ്റ് യഥാസമയം ലഭിക്കാത്തതിനാൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന കുടിവെള്ള പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കാൻ കഴിയാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പാലക്കാട് ബ്ലോക്ക് പഞ്ചായത്തിൽ രണ്ട് കുടിവെള്ള പദ്ധതികളുടെ (കേരളശ്ശേരി ഗ്രാമപഞ്ചായത്തിലെ പൊറ്റയിൽ പടിഞ്ഞാറെത്തൊടി, വെള്ളറ കുടിവെള്ള പദ്ധതികൾ) യീൽഡ് ടെസ്റ്റ് അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതികളുടെ യീൽഡ് ടെസ്റ്റ് ഉടൻ തന്നെ പൂർത്തീകരിക്കുന്നതാണ്. |
| (ബി) | പാലക്കാട്, മലപ്പുറം, തൃശ്ശൂർ ജില്ലകൾക്കായി എത്ര യീൽഡ് ടെസ്റ്റിംഗ് മെഷീനുകളുണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) | പാലക്കാട്, മലപ്പുറം, തൃശ്ശൂർ എന്നീ ജില്ലകളിൽ ഓരോ യീൽഡ് ടെസ്റ്റിംഗ് മെഷീനുകൾ നിലവിൽ ഉണ്ട്. |
| (സി) | ഭൂഗർഭ ജലവകുപ്പിന് വേണ്ടത്ര യീൽഡ് ടെസ്റ്റിംഗ് മെഷീൻ അനുവദിക്കുന്നതിനോ പകരം സംവിധാനം ഏർപ്പെടുത്തുന്നതിനോ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (സി) | വകുപ്പിന് ആവശ്യമായ യീൽഡ് ടെസ്റ്റിംഗ് മെഷീൻ വാങ്ങുന്നതിന് പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ